**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2122** **01-09-2022 - ൽ മറുപടിയ്ക്ക്**

**കോഴിക്കോട് മെഡിക്കൽ കോളേജിന് കൈമാറിയ സ്ഥലം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | മാവൂർ ഗ്രാമപഞ്ചായത്തിലെ തെങ്ങിലക്കടവിൽ സർക്കാരിന് കൈമാറിയതും കോഴിക്കോട് മെഡിക്കൽ കോളേജിനെ ഏൽപ്പിച്ചതുമായ ഭൂമിയും കെട്ടിടവും ഉപയോഗപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | **മാവൂർ തെങ്ങിലക്കടവിൽ സർക്കാരിന് കൈമാറിക്കിട്ടിയ സ്ഥലവും കെട്ടിടവും ഉപയോഗപ്പെടുത്തി കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജിന് കീഴിലുള്ള ഒരു ക്യാൻസർ സ്ക്രീനിംഗ് സെന്ററായി മാറ്റുന്നതിന് 23/03/2022-ൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചേർന്നയോഗത്തിൽ തീരുമാനിക്കുകയും തുടർ നടപടികൾ സ്വീകരിച്ചുവരുകയും ചെയ്യുന്നുണ്ട്. കൂടാതെ ടി കെട്ടിടത്തിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കായി ഒരു കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ ജില്ലാ പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ സൊസൈറ്റി രൂപീകിരിച്ച് ഈ സ്ഥാപനത്തിന്റെ തുടർപ്രവർത്തനം നടത്തുന്നകാര്യം പരിശോധിക്കുന്നതിന് ജില്ലാകളക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.** |
| (ബി) | കോഴിക്കോട് മെഡിക്കൽ കോളേജിന് സ്ഥലം കൈമാറി പത്ത് വർഷത്തിലധികമായിട്ടും യാതൊരു നടപടിയും സ്വീകരിക്കാത്ത സാഹചര്യത്തിൽ പ്രസ്തുത സ്ഥലം കോഴിക്കോട് ജില്ലാ പഞ്ചായത്തിന് കൈമാറണമെന്ന ആവശ്യം പരിഗണിക്കുമോ? | (ബി) | **മാവൂർ തെങ്ങിലക്കടവിൽ സർക്കാരിന് കൈമാറിക്കിട്ടിയ സ്ഥലവും കെട്ടിടവും ഉപയോഗപ്പെടുത്തി കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജിന് കീഴിലുള്ള ഒരു ക്യാൻസർ സ്ക്രീനിംഗ് സെന്ററായി മാറ്റുന്നതിന് 23/03/2022-ൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചേർന്നയോഗത്തിൽ തീരുമാനിക്കുകയും തുടർ നടപടികൾ സ്വീകരിച്ചുവരുകയും ചെയ്യുന്നുണ്ട്. കൂടാതെ ടി കെട്ടിടത്തിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കായി ഒരു കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ ജില്ലാ പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ സൊസൈറ്റി രൂപീകിരിച്ച് ഈ സ്ഥാപനത്തിന്റെ തുടർപ്രവർത്തനം നടത്തുന്നകാര്യം പരിശോധിക്കുന്നതിന് ജില്ലാകളക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.** |

സെക്ഷൻ ഓഫീസർ